# വിജ്ഞാപനം

മുതിർന്ന പൗരൻമാർക്കുവേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയായ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺസിന്റെ (NAPSrC) ഭാഗമായി ചുവടെ പറയുന്ന 3 വിഷയങ്ങളിൽ ഗവേഷണത്തിനും പഠനത്തിനുമായി യൂണിവേഴ്സിറ്റികൾ , കോളേജുകൾ , Research based NGOs ഉൾപ്പെടെയുള്ള സർക്കാർ/ സർക്കാർ ഇതര ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും താത്പര്യ പത്രം ക്ഷണിക്കുന്നു.

- **Assessment/Evaluation of the Government Schemes and Programmes for the Elderly in the State**
- **Study on Local Government Interventions for ensuring the Security and Welfare of the Elderly**
- **To Prepare Standard Operating Procedure for the working of Maintenance Tribunal**

താത്പര്യമുള്ള സ്ഥാപനങ്ങൾ 31/12/2020 തീയതിക്കുള്ളിൽ ചുവടെ ചേർക്കുന്ന വിലാസത്തിൽ സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസലിനൊപ്പം വിശദമായ പദ്ധതി രേഖ, ബഡ്ജറ്റ് പ്ലാൻ, എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ നിർദ്ദിഷ്ടമേഖലയിലെ പ്രവർത്തി പരിചയം തെളിയിക്കുന്നതിന് മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള കൺസൾട്ടൻസി / ഗവേഷണ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്, സ്ഥാപനത്തിന്റെ ഓർഗനൈസേഷൻ സ്ട്രക്ചർ, ജീവനക്കാരുടെ വിവരങ്ങൾ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിക്കേണ്ടതാണ്. . അപേക്ഷയുടെ പകർപ്പ് sjdgsection@gmail.com എന്ന മെയിൽ ഐഡിയിലും ലഭ്യമാക്കേണ്ടതാണ്.


ഡയറക്ടർ,

സാമൂഹ്യനീതി വകുപ്പ്

വികാസ് ഭവൻ, 5ാം നില

തിരുവനന്തപുരം

ഫോൺ: 0471 2306040

*PREETHY WILSON*
*Assistant Director*
*Directorate of Social Justice*
*Vikas Bhavan, Thiruvananthapuram-33*


PDF processed with CutePDF evaluation edition www.CutePDF.com

സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് ആഴത്തിലുള്ള ഗവേഷണം ആവശ്യമാണ്. വിവിധ സാമൂഹിക-സാമ്പത്തിക ഗ്രൂപ്പുകൾ എങ്ങനെ യാണ് പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നത്, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ രൂപകൽപ്പന ചെയ്യാം തുടങ്ങിയ വാർധക്യകാല നയവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തേണ്ടതിന്റെ ആവശ്യകത സ്റ്റേറ്റ് ഓൾഡ് ഏജ് പോളിസിയിലും NPASrC-യിലും എടുത്തുകാണിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പ്രായമായവരുടെ അവസ്ഥയും അവർ നേരിടുന്ന പ്രശ്നങ്ങളും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എന്തെല്ലാം പദ്ധതികൾ രൂപകൽപ്പന ചെയ്യാൻ കഴിയും എന്നതിനെപ്പറ്റിയും നിലവിലെ സാഹചര്യം എന്താണെന്നും യഥാർത്ഥത്തിൽ എന്താണ് ആവശ്യമെന്നും, തിരിച്ചറിയപ്പെട്ട വിടവ് അടയ്ക്കാൻ എന്താണ് ചെയ്യേണ്ടത് എന്നും മനസ്സിലാക്കാൻ ശ്രമിക്കുന്ന "Gap Analysis" എന്ന വിശാലമായ ചട്ടക്കൂടിന് കീഴിൽ താഴെപറയുന്ന പഠനങ്ങൾ നടത്തേണ്ടതായുള്ളത് . NAPSrC-യുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള സ്റ്റേറ്റ് പ്ലാൻ ഫോർ സീനിയർ സിറ്റിസൺസ് (SAPSrC) രൂപീകരിക്കുന്നതിനുള്ള ഒരു അടിത്തറയായി ഈ പഠനങ്ങൾ മാറേണ്ടതുണ്ട്.

## Assessment/Evaluation of the Government Schemes and Programmes for the Elderly in the State

വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹിക നീതി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ non communicable disease, palliative care എന്നിവയുമായി ബന്ധപ്പെട്ട് മുതിർന്ന പൗരൻമാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന ആരോഗ്യ പരിപാലന പരിപാടികൾ National Health Mission, Department of Health Services and Local Governments.തുടങ്ങിയവ മുഖേന നടത്തി വരുന്നുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, പദ്ധതി രൂപകൽപ്പനയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ടോ എന്ന് മനസ്സിലാക്കുന്നതിന് ഈ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം പദ്ധതികളുടെ ആവശ്യകത ,പദ്ധതികൾ സംസ്ഥാന- ജില്ലാ/ഗ്രാസ് റൂട്ട് തലത്തില് നടപ്പാക്കുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾ , ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ നേരിടുന്ന പ്രശ് നങ്ങൾ , ബോധവല് ക്കരണ പ്രവർത്തനങ്ങൾ , വിവിധ പ്രവർത്തനങ്ങൾ തമ്മിലുള്ള ഏകോപനം തുടങ്ങിയ വിഷയങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട് . അതായത് പ്രായമായവർക്ക് ഏറെ പ്രയോജനമില്ലാത്ത പദ്ധതികൾ കണ്ടെത്തുക, കൂടുതൽ സമയം ആവശ്യമുള്ള പദ്ധതികൾക്ക് വിഭവങ്ങൾ വീണ്ടും വിനിയോഗിക്കാൻ സഹായിക്കുക

എന്നിങ്ങനെ . സംസ്ഥാനത്തെ പ്രായമായവര് ക്കായി പുതിയ പദ്ധതികള് ആവിഷ്കരിക്കാൻ വേണ്ട വിവരങ്ങളും പഠനത്തിലൂടെ കണ്ടെത്തേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പ്രായമായവരുടെ മേഖലയിൽ നടത്തിവരുന്ന മാതൃകാ പരമായ ഇടപെടലുകളും പരിശോധിച്ച ശുപാർശ ലഭ്യമാക്കേണ്ടതുണ്ട് .

- **Study on Local Government Interventions for ensuring the Security and Welfare of the Elderly**

വികേന്ദ്രീകൃത ആസൂത്രണത്തിലും ഭരണതലത്തിലും കൈവരിച്ച പുരോഗതിയിൽ കേരളം ഏറെ പ്രശംസ നേടിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഏറ്റവും പ്രധാനസത്ത, ഗ്രാസ്റൂട്ട് തലത്തിൽ പൗരന്മാരുടെ ആവശ്യങ്ങൾ വിലയിരുത്തുകയും തിരിച്ചറിയപ്പെട്ട ആവശ്യങ്ങൾ പ്രാദേശിക ഭരണകൂടങ്ങൾ മുഖേന നടപ്പിലാക്കുന്നതുമാണ്. പദ്ധതി ചെലവിന്റെ അഞ്ചു ശതമാനം വൃദ്ധർ ഉൾപ്പെടെയുള്ള ദുർബല സമുദായങ്ങൾക്ക് പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും local governments ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡേ കെയര് സെന്ററുകള് , പകൽ വീട്, pain and palliative programmes, പകർച്ചേതര രോഗങ്ങൾക്കുള്ള മരുന്നുകൾ നല്കുക തുടങ്ങി നിരവധി പദ്ധതികളാണ് സംസ്ഥാനത്തെ വിവിധ പ്രാദേശിക ഭരണകൂടങ്ങൾ നടപ്പാക്കുന്നത്. വയോമിത്രം, സായംപ്രഭ തുടങ്ങിയ പല പദ്ധതികളും പ്രാദേശിക ഭരണകൂടങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്നുണ്ട്. പ്രായമായവരുടെ പ്രധാന സാമൂഹ്യ സുരക്ഷാ പദ്ധതിയായ വാർധക്യ പെൻഷനും പ്രാദേശിക സർക്കാരുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രായമായവർക്ക് വേണ്ടി പ്രാദേശിക സർക്കാരുകൾ (ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ) നടത്തുന്ന സംരംഭങ്ങൾ വിലയിരുത്തുന്നതിന് ഒരു പഠനം അനിവാര്യമാണ് . പഠനത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ ഇനിപ്പറയുന്നതാണ്:

· വയോജനങ്ങൾക്കായി പ്രാദേശിക സർക്കാർ ഒറ്റക്കോ വകുപ്പുകളുമായോ, സന്നദ്ധ സംഘടനകളുമായോ നടപ്പിലാക്കുന്ന പരിപാടികൾ, ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ.

· പ്രാദേശിക തലത്തിൽ വായോജന സേവനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നത് വിലയിരുത്തുക.

• വായോ  സൗഹൃദ ഭരണവും സേവന വിതരണവും ഉറപ്പാക്കുന്നതിന് പ്രാദേശിക തലത്തിൽ ഏറ്റെടുത്തിരിക്കുന്ന സംരംഭങ്ങൾ.

• പ്രാദേശിക തലത്തിൽ നടപ്പാക്കുന്ന നൂതന പദ്ധതികൾ, മികച്ച മാതൃകകൾ ഡോക്യുമെന്റേഷൻ. പദ്ധതികളുടെ വിജയ ഘടകങ്ങൾ  എന്നിവ കണ്ടെത്തുക

## To Prepare Standard Operating Procedure for the working of Maintanance Tribunal

മുതിർന്ന പൗരൻമാരുടെയും, മാതാപിതാക്കളുടേയും ക്ഷേമവും, സംരക്ഷണവും സംബന്ധിച്ച നിയമം 2007 ലും അനുബന്ധ ചട്ടങ്ങൾ 2009 ലും നിലവിൽ വന്നു. വയോജന സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് മെയിന്റനൻസ് ട്രൈബ്യൂണലുകളായി ആർ.ഡി.ഒ ഓഫീസുകളെയും, അപ്പലേറ്റ് ട്രൈബ്യൂണലുകളായി ജില്ലാ കളക്ടർമാരേയും നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. മെയിന്റനൻസ് കോടതികളിൽ എത്തുന്ന വയോജനങ്ങളുടെ കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനും, ആർ.ഡി.ഒ യെ സഹായിക്കുന്നതിനും, വയോജന ക്ഷേമ പ്രവർത്തനങ്ങളിൽ ജില്ലാ സാമൂഹ്യനീതി  ഓഫീസർക്കൊപ്പം പ്രവർത്തിക്കുന്നതിനും ഒരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാറടിസ്ഥാനത്തിൽ നിയോഗിച്ച് പ്രവർത്തിച്ചുവരുന്നു. ട്രൈബ്യൂണലുകളെ സഹായിക്കുന്നതിന് കൺസീലിയേഷൻ ഓഫീസർമാരുടെ പാനലും തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ എത്തുന്ന കേസുകൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. മുതിർന്ന പൗരൻമാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടത് അനിവാര്യമാണ്.

അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മറ്റിയുടെ മൂന്നാമത് റിപ്പോർട്ട് പ്രകാരം മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007 ഉം ആയതിന്റെ 2009 ലെ ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ കേരളം മുന്നിലാണെങ്കിലും ആയതിന്റെ നടത്തിപ്പിൽ താഴെ പറയുന്ന പ്രശ്നങ്ങൾ ഉള്ളതായി നിരീക്ഷിച്ചിട്ടുണ്ട്.

1. മെയിന്റനൻസ് കോർട്ടുകളിൽ ചിലതെങ്കിലും ശരിയായി പ്രവർത്തിക്കാത്തതിനാൽ കേസുകൾ തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം ഉണ്ടാകുന്നു. (1/4 കേസുകൾ മാത്രമാണ് നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടതു പ്രകാരം 90 ദിവസത്തിനുള്ളിൽ തീർപ്പാകുന്നത് )
2. ഹിയറിങ്ങുകൾ മുൻ അറിയിപ്പില്ലാതെ പെട്ടെന്നു മാറ്റിവയ്ക്കുന്നത് മുതിർന്ന പൗരൻമാർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്.
3. ഒന്നിലധികം കേസുകൾ ഒരു ദിവസം ഹിയറിംഗിനായി തീരുമാനിക്കുന്നതുമൂലം വയോജനങ്ങൾ ദീർഘനേരം ആർ.ഡി.ഒ ഓഫീസിൽ കാത്തിരിക്കേണ്ടിവരുന്നു.

4. മെയിന്റനൻസ് ഉത്തരവുകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല. മെയിന്റനൻസ് ഉത്തരവ് പാലിക്കപ്പെടാത്ത സാഹചര്യങ്ങളിൽ വീണ്ടും പരാതിപ്പെട്ടാൽ പുതിയ കേസായി പരിഗണിച്ചാണ് തുടർനടപടി.
5. ആക്ടും റൂളും സംബന്ധിച്ച് പ്രീസൈഡിംഗ് ഓഫീസർക്ക് വ്യക്തമായ ധാരണയില്ലാത്ത സാഹചര്യങ്ങളും കണ്ടെത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും ഏകോപനം മെയിന്റനൻസ് ആക്ടിന്റെ നല്ല നടത്തിപ്പിന് ആവശ്യമാണ്. റവന്യൂ, പോലീസ്, സാമൂഹ്യനീതി, ആരോഗ്യ വകുപ്പുകൾക്ക് പുറമെ കൺസീലിയേഷൻ ഓഫീസർമാരും, ടെക്നിക്കൽ അസിസ്റ്റന്റ്മാരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. മെയിന്റനൻസ് ആക്ടിന്റെ ഫലപ്രദമായ നടത്തിപ്പിന് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മറ്റി താഴെ പറയുന്ന ശുപാർശകൾ നൽകിയിട്ടുണ്ട്.

- മെയിന്റനൻസ് ഉത്തരവ് പാലിക്കപ്പെടാത്ത സാഹചര്യങ്ങളിൽ തുടർ നടപടികൾ എങ്ങനെ സ്വീകരിക്കണം എന്നതു സംബന്ധിച്ച് റൂളുകളിൽ വ്യക്തതയില്ലാത്ത സാഹചര്യമുണ്ട്.
- കേസുകൾ മാറ്റി വയ്ക്കുകയോ, നിർത്തിവയ്ക്കുകയോ, ചെയ്യേണ്ട സാഹചര്യങ്ങിൽ ആയതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.
- അപ്പീൽ അപേക്ഷകൾ കേൾക്കുന്നതിന് മാസത്തിൽ ഒരിക്കൽ എങ്കിലും ഹിയറിംഗ് നിഷ്കർഷിക്കേണ്ടതുണ്ട്.
- ട്രൈബ്യൂണലിൽ ഫയൽ ചെയ്യുന്ന കേസുകളിൽ ഇടക്കാല ഉത്തരവിലൂടെ അടിയന്തിര സഹായം നൽകുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.
- ട്രൈബ്യൂണലിൽ നേരിട്ടു ഹാജരാകാൻ കഴിയാത്ത വയോജനങ്ങളുടെ വീട്ടുകളിൽ എത്തി മൊഴി രേഖപ്പെടുത്താൻ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.
- Mannua / Hand Book for use by the Presiding Officers തയ്യാറാക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികളുടെ (ജില്ലാ കളക്ടർമാർ, ആർ.ഡി.ഒ, ടെക്നിക്കൽ അസിസ്റ്റന്റുമാർ, പോലീസ് ഉദ്യോഗസ്ഥർ, മെയിന്റനൻസ് ഓഫീസർമാര്, കൺസീലിയേഷൻ ഓഫീസർമാർ) ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും, കേസുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. ഈ കാരണങ്ങളാൽ കേരളത്തിലെ മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിനായുള്ള ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ തയ്യാറാക്കുന്നതിന് താൽപ്പര്യപത്രം ക്ഷണിക്കുന്നു.